**102/2019-M**

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | **159929** |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 — സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

102/2019-M

Maximum : 100 marks

Time : 1 hour and 15 minutes

1. പൂരിപ്പിക്കുക :

4, 9, 25, 49, ——

(A) 81
(B) 121
(C) 169
(D) 100

2. വില കാണുക :

$$\frac{1.1\times1.1+2\times1.1\times0.9+0.9\times0.9}{1.1+0.9}$$

(A) 1
(B) 4
(C) 2
(D) 3

3. ഒരു ഗോളത്തിന്റെ വ്യാപ്തം 40 $cm^3$. ഇതിന്റെ ഇരട്ടി ആരമുള്ള മറ്റൊരു ഗോളത്തിന്റെ വ്യാപ്തം എത്ര?

(A) 80
(B) 40
(C) 160
(D) 320

4. $2:3=4:x$ ആയാൽ $x$ ന്റെ വില കാണുക :

(A) 8
(B) 2
(C) 6
(D) 1

5. ഒരു സമാന്തര പ്രോഗ്രഷന്റെ ആദ്യത്തെ 11 പദങ്ങളുടെ തുക 99 ആയാൽ ഇതിന്റെ 6-ാം പദം എത്ര?

(A) 9
(B) 11
(C) 10
(D) 6

6. $9 \times 81^x = \frac{1}{27^{x-3}}$ ആയാൽ $x$ ന്റെ വിലയെന്ത്?

(A) 1
(B) 2
(C) 3
(D) 0

7. സാധാരണ പലിശാനിരക്കിൽ ഒരു തുക 8 വർഷംകൊണ്ട് ഇരട്ടി ആകുന്നുവെങ്കിൽ പലിശനിരക്ക് എത്ര?

(A) 8%
(B) 4%
(C) $11\frac{1}{2}\%$
(D) $12\frac{1}{2}\%$

8. ഒരാൾ $A$ എന്ന സ്ഥലത്തുനിന്ന് $B$ എന്ന സ്ഥലത്തേക്ക് മണിക്കൂറിൽ 30 km വേഗത്തിലും തിരികെ മണിക്കൂറിൽ 20 km വേഗത്തിലും സഞ്ചരിക്കുന്നുവെങ്കിൽ അയാളുടെ മുഴുവൻ യാത്രയുടെ ശരാശരി വേഗത മണിക്കൂറിൽ എത്ര കിലോമീറ്റർ?

(A) 25
(B) 20
(C) 24
(D) 30

9. രാമു ഒരു ജോലി 3 ദിവസംകൊണ്ട് ചെയ്തുതീർക്കുന്നു. അതേ ജോലി രവി 6 ദിവസംകൊണ്ട് ചെയ്തുതീർക്കുന്നുവെങ്കിൽ രണ്ടുപേരും കൂടി ആ ജോലി എത്ര ദിവസം കൊണ്ട് ചെയ്തുതീർക്കും?

(A) 3
(B) 4
(C) 2
(D) 5

10. 100 നും 1000 നും ഇടയ്ക്ക് 11 കൊണ്ട് പൂർണ്ണമായും ഹരിക്കാവുന്ന എത്ര പൂർണ്ണസംഖ്യകൾ ഉണ്ട്?

(A) 99
(B) 81
(C) 91
(D) 100

11. He will come here tomorrow, ———————?
(Use the proper question tag)

(A) won't he?
(B) will he?
(C) would he?
(D) might he?

12. A ——————— of policemen are there at the Raj Bhavan.

(A) group
(B) battalion
(C) posse
(D) fleet

13. She ——————— a reputation as an excellent dancer.

(A) is
(B) has
(C) have
(D) was

14. Syam had built that beautiful house :
(Change into passive voice)

(A) A beautiful house built was Syam
(B) That beautiful house had been built by Syam
(C) That beautiful house Syam built
(D) A house had been Syam built

15. She wonderful cook is a :
(Correct the sentence)

(A) She cook wonderful
(B) Cook wonderful she
(C) She is a wonderful cook
(D) Wonderful cook is she

16. Raman is a <u>skilful</u> driver :
(To which part of speech does the underlined word belong?)

(A) Adverb
(B) Adjective
(C) Noun
(D) Verb

17. Geetha said, "My book will be released tomorrow at a modest function" :
(Report the sentence)

(A) Geetha said to him that the book released tomorrow
(B) Geetha said that her book would be released tomorrow at a modest function
(C) Geetha said that at a modest function book release tomorrow
(D) At a modest function book release tomorrow said Geetha

18. Correct word among the following series :

(A) Serius
(B) Sobre
(C) Releese
(D) Severe

19. The teacher <u>scolded</u> the student for being arrogant :
(Find out the appropriate phrasal verb for the underlined word)

(A) told off
(B) told down
(C) put off
(D) put on

20. My father is a Company Executive, ________ my mother is a homemaker.

(A) moreover
(B) whereas
(C) actually
(D) so

21. The apple has fallen ________ the table.

(A) with
(B) in
(C) under
(D) along

22. He kicked the bucket yesterday.
(Find out the meaning of the underlined idiom)

(A) said the right thing
(B) tried to criticise
(C) died
(D) tried to commit suicide

23. I ________ a lot of hobbies while I was a student.

(A) have
(B) had
(C) meet
(D) met

24. Had I the talent, ________.

(A) I would have poured my unhappiness into writing a book
(B) I might pour happiness
(C) I may be a book
(D) I might attempt

25. The handsome man who lives in that huge house is ________ film actor.

(A) an
(B) a
(C) on
(D) may

26. The prefix "pre" is used to denote which of the following words?

(A) against
(B) before
(C) first
(D) after

27. The elections are round the corner and all the parties ________ vying with each other in competition.

(A) is
(B) are
(C) was
(D) but

28. Seetha and Geetha are sisters. The former is shy and retiring while the latter is an ________.

(A) introvert
(B) extrovert
(C) able
(D) mischievous

29. Neither Shiv nor Shyam ________ come for the excursion tomorrow.

(A) is
(B) was
(C) will
(D) might

30. The meaning of the term "postscript" :

(A) put the script in the post box
(B) written after
(C) written before
(D) written in the future

31. ലോക്സഭാ സ്പീക്കറായി സേവനമനുഷ്ഠിക്കവെ മരണമടഞ്ഞ ആദ്യ വ്യക്തി :

(A) ഡോക്ടർ ജി.സി. ദില്ലൻ
(B) പി.എ. സാംഗ്മ
(C) ജി.എം.സി. ബാലയോഗി
(D) നീലം സഞ്ജീവ റെഡ്ഡി

32. അന്തർഃസംസ്ഥാന കൗൺസിലിന്റെ രൂപീകരണത്തെയും പ്രവർത്തനങ്ങളെയുംപറ്റി പ്രതിപാദിക്കുന്ന ഇന്ത്യൻ ഭരണഘടനാ വകുപ്പ് :

(A) 222-ാം വകുപ്പ്
(B) 263-ാം വകുപ്പ്
(C) 232-ാം വകുപ്പ്
(D) 363-ാം വകുപ്പ്

33. അപരാഹ്നം ആരുടെ കൃതിയാണ്?

(A) തകഴി
(B) എം.റ്റി. വാസുദേവൻ നായർ
(C) വൈലോപ്പിള്ളി
(D) ഒ.എൻ.വി.

34. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ :

(A) ബി.ഡി. ദത്ത്
(B) എച്ച്.എൽ. ദത്ത്
(C) കെ.ജി. ബാലകൃഷ്ണൻ
(D) രമേശ് ചന്ദ്രദത്ത്

35. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി :

(A) ശങ്കരാചാര്യർ
(B) മന്നത്തു പത്മനാഭൻ
(C) തകഴി
(D) ശ്രീനാരായണ ഗുരു

36. തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക ജില്ല :

(A) ഇടുക്കി
(B) പാലക്കാട്
(C) കാസർഗോഡ്
(D) വയനാട്

37. കയ്യൂർ സമരത്തെ ആസ്പദമാക്കി ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത സിനിമ :

(A) മീനമാസത്തിലെ സൂര്യൻ
(B) സന്ദേശം
(C) ലാൽ സലാം
(D) വീരപുത്രൻ

38. ''അമേരിക്കൻ മോഡൽ അറബിക്കടലിൽ'' എന്ന മുദ്രാവാക്യം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) തളിക്ഷേത്ര പ്രക്ഷോപം
(B) പുന്നപ്ര-വയലാർ സമരം
(C) അഞ്ചുതെങ്ങു പ്രക്ഷോപം
(D) മലബാർ ലഹള

39. ഏറ്റവും കൂടുതൽ പ്രാദേശിക ഭാഷകൾ സംസാരിക്കുന്ന ഇന്ത്യൻ സംസ്ഥാനം :

(A) ആസ്സാം
(B) പോണ്ടിച്ചേരി
(C) അരുണാചൽ പ്രദേശ്
(D) മേഘാലയ

40. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ച വർഷം :

(A) 2010
(B) 2006
(C) 2011
(D) 2018

41. ഐക്യരാഷ്ട്ര സംഘടനയിലെ യു.എസ്സ്. അംബാസിഡർ സ്ഥാനത്തുനിന്ന് രാജി വച്ച ഇന്ത്യൻ വംശജ :

(A) മീനാ അലക്സാണ്ടർ
(B) മെലാനി ചന്ദ്ര
(C) സൈമാ ചൗധരി
(D) നിക്കി ഹാലി

42. വിവരാവകാശം ബാധകമല്ലാത്ത ഏക ഇന്ത്യൻ സംസ്ഥാനം :

(A) മണിപ്പൂർ
(B) ആസ്സാം
(C) ജമ്മു ആന്റ് കാശ്മീർ
(D) അരുണാചൽ പ്രദേശ്

43. ഓസോൺ സുഷിരം ഉണ്ടാകാൻ കാരണമാകുന്ന രാസസംയുക്തം :

(A) സോഡിയം കാർബണേറ്റ്
(B) സിൽവർ നൈട്രേറ്റ്
(C) കാൽസ്യം കാർബണേറ്റ്
(D) ക്ലോറോ ഫ്ലൂറോകാർബൺ

44. കീമോ തെറാപ്പിയുടെ പിതാവ് :

(A) ബർണാഡ്ഷാ
(B) ലൂയിപാസ്റ്റർ
(C) പോൾ എർലിക്
(D) ഹെൻറി മോസ്‌ലി

45. കരിന്തണ്ടൻ താഴെ സൂചിപ്പിച്ചിരിക്കുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) താമരശ്ശേരി ചുരം
(B) ഇടുക്കി ഡാം
(C) പൂക്കോട്ടൂർ യുദ്ധം
(D) കടയ്ക്കൽ വിപ്ലവം

46. ഇന്ത്യൻ ഭരണഘടനയിലെ ഏതു വകുപ്പുപ്രകാരമാണ് പ്രസിഡന്റിന് ലോകസഭയിലേയ്ക്ക് രണ്ട് ആംഗ്ലോ ഇന്ത്യൻ സമുദായാംഗങ്ങളെ നാമനിർദ്ദേശം ചെയ്യുവാൻ അധികാരം നൽകിയിരിക്കുന്നത്?

(A) 331-ാം വകുപ്പ്
(B) 252-ാം വകുപ്പ്
(C) 68-ാം വകുപ്പ്
(D) 83-ാം വകുപ്പ്

47. തോമസ് മുള്ളർ (Thomas Muller) ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ക്രിക്കറ്റ്
(B) ഫുട്ബോൾ
(C) ടെന്നീസ്
(D) ഗോൾഫ്

48. 2010 ൽ മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡ് കരസ്ഥമാക്കിയ 'കുട്ടിസ്രാങ്ക്' എന്ന സിനിമ സംവിധാനം ചെയ്തത് ആരാണ്?

(A) ഷാജി എൻ. കരുൺ
(B) ലിസ്റ്റിൻ സ്റ്റീഫൻ
(C) സാന്ദ്ര തോമസ്
(D) അടൂർ ഗോപാലകൃഷ്ണൻ

49. ലോക തപാൽ ദിനം :

(A) ജൂൺ 9
(B) ഏപ്രിൽ 8
(C) മെയ് 8
(D) ഒക്ടോബർ 9

50. ത്രിക്കുറഞ്ഞി മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്നത് എവിടെ?

(A) പാലക്കാട്
(B) വയനാട്
(C) ആലപ്പുഴ
(D) മലപ്പുറം

51. 2018 ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് ആർക്ക്?

(A) തസുക്കു ഹോൻ ജോ
(B) ജയിംസ് വി. ആലിസൻ
(C) ഫ്രാൻസസ് എച്ച് ആർനോൾഡ്
(D) പോൾ റോമർ, വില്യം നോർ ദോസ്

52. പേശീപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്ക ഭാഗം :

(A) മെഡുല്ല ഒബ്ലോംഗേറ്റ
(B) സെറിബ്രം
(C) സെറിബല്ലം
(D) തലാമസ്

53. ഓൾ ഇന്ത്യ കിസാൻ കോൺഗ്രസ്സ് സ്ഥാപിതമായ വർഷം :

(A) 1934
(B) 1951
(C) 1935
(D) 1912

54. ഒരു കുതിരശക്തി എത്ര വാട്സിന് തുല്യമാണ്?

(A) 396
(B) 846
(C) 333
(D) 746

55. 'ഷാഡോ ലൈൻസ്' എന്ന നോവൽ രചിച്ചത് :

(A) ടാഗോർ
(B) മുൽക്ക് രാജ് ആനന്ദ്
(C) അമിതവ് ഘോഷ്
(D) രവി ശങ്കർ

56. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യ സംഘടിത പ്രക്ഷോപം :

(A) ആറ്റിങ്ങൽ കലാപം
(B) കടയ്ക്കൽ ലഹള
(C) മലബാർ ലഹള
(D) പഴശ്ശി വിപ്ലവം

57. താഴെപ്പറയുന്നവയിൽ വൈക്കം സത്യാഗ്രഹവുമായി ബന്ധമില്ലാത്ത വ്യക്തി ആര്?

(A) രാമൻ തമ്പി
(B) കുഞ്ഞാപ്പി
(C) ഗോവിന്ദപ്പണിക്കർ
(D) ബാഹുലേയൻ

58. 1908-ൽ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം നേടുകയും 1925 ൽ ലണ്ടനിലെ റോയൽ സൊസൈറ്റിയുടെ പ്രസിഡന്റുമായിതീർന്ന ശാസ്ത്രജ്ഞൻ :

(A) ജോൺ നാപ്പിയർ
(B) കാൾ ഗൗസ്
(C) ലോർഡ് കെൽവിൻ
(D) ഏണസ്റ്റ് റൂഥർ ഫോർഡ്

59. മയിലിന്റെ ശാസ്ത്രീയ നാമം :

(A) കാനിസ് ലൂപ്പസ്
(B) ഫെലിസ് കാറ്റസ്
(C) പാവോ ക്രിസ്റ്റാറ്റസ്
(D) ചാന്തറാലിയോ

60. ന്യൂട്രോൺ ഇല്ലാത്ത മൂലകം :

(A) ഹൈഡ്രജൻ
(B) ലീഥിയം
(C) ഹീലിയം
(D) ഓക്സിജൻ

61. രഹസ്യരേഖകൾ ചോർത്തുന്നതിലൂടെ ലോക ശ്രദ്ധനേടിയ വെബ്സൈറ്റായ വിക്കിലീക്സ് സ്ഥാപിച്ചത് ആര്?

(A) ജാക്ക് ഡോർസി
(B) ടോം ആൻഡേഴ്സൻ
(C) ജൂലിയൻ അസാൻജ്
(D) ഡേവിഡ് കാർപ്പ്

62. ടങ്സ്റ്റൺ ഉരുകുന്ന ഊഷ്മാവ് :

(A) 2998°C
(B) 6322°C
(C) 948°C
(D) 3422°C

63. ഏത് പഞ്ചവത്സര പദ്ധതിയാണ് ഗാഡ്ഗിൽ യോജന എന്ന പേരിൽ അറിയപ്പെടുന്നത്?

(A) മൂന്നാം പഞ്ചവത്സര പദ്ധതി
(B) രണ്ടാം പഞ്ചവത്സര പദ്ധതി
(C) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി
(D) ഒന്നാം പഞ്ചവത്സര പദ്ധതി

64. കവിതിലകം എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ :

(A) കെ. കേളപ്പൻ
(B) ശ്രീനാരായണ ഗുരു
(C) ചട്ടമ്പി സ്വാമികൾ
(D) പണ്ഡിറ്റ് കറുപ്പൻ

65. ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന വരികൾ പ്രതിപാദിക്കുന്ന ശ്രീനാരായണ ഗുരുവിന്റെ കൃതി :

(A) ജാതിമാല
(B) ഗുരുധർമ്മം
(C) ലീലാമൃതം
(D) ജാതിമീമാംസ

66. താഴെപ്പറയുന്നവയിൽ ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹം ഏത്?

(A) ബുധൻ
(B) ചൊവ്വ
(C) ഭൂമി
(D) വ്യാഴം

67. നരേന്ദ്രമോദി സർക്കാറിന്റെ സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി നോട്ടു നിരോധനം നടപ്പിലാക്കിയത് എന്ന്?

(A) 2016 ഏപ്രിൽ 8
(B) 2016 ഡിസംബർ 11
(C) 2016 നവംബർ 8
(D) 2016 ജൂൺ 16

68. ഇന്ത്യയിൽ ആരംഭിച്ച ആദ്യ സൗരോർജ്ജ ബോട്ടിന്റെ പേര് :

(A) ആദിത്യ
(B) പത്മനാഭ
(C) സാനു
(D) ഉദയസൂര്യൻ

69. ഇന്ത്യയിലെ ആദ്യ ആസൂത്രിത നഗരം :

(A) മദ്രാസ്
(B) ചണ്ഡീഗഡ്
(C) കൊൽക്കത്ത
(D) ബോംബെ

70. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രത രേഖപ്പെടുത്തിയത് :

(A) മഹാരാഷ്ട്ര
(B) ബംഗാൾ
(C) ബീഹാർ
(D) ഉത്തർപ്രദേശ്

71. 'കുറ്റം പറയുക' എന്ന പ്രയോഗത്തിനു പകരമായ ഒറ്റപ്പദം ഏതാണ്?

(A) സ്മരിക്കുക
(B) പഴിക്കുക
(C) വിധിക്കുക
(D) ശപിക്കുക

72. 'ഇടവം + പാതി' എങ്ങനെ ചേർത്തെഴുതാം?

(A) ഇടവപാതി
(B) ഇടവംപാതി
(C) ഇടവപ്പാതി
(D) ഇടവമ്പാതി

73. ഒരേ പദത്തിന് ഒന്നിലധികം അർത്ഥം വന്നാൽ പറയുന്ന പേര് :

(A) പര്യായം
(B) ബഹുവചനം
(C) നാനാർത്ഥം
(D) വിപരീതം

74. "Once in a blue moon" എന്ന ഇംഗ്ലീഷ് ശൈലിയുടെ അർത്ഥമെന്ത്?

(A) അമാവാസി ദിനത്തിൽ
(B) വല്ലപ്പോഴും
(C) ഒരിക്കൽ ഒരിടത്ത്
(D) നിലാവത്ത്

75. കയ്യ്, കാല് എന്നീ പദങ്ങളെ സമാസിച്ചാൽ ലഭിക്കുന്ന രൂപം :

(A) കയ്യും കാലും
(B) കയ്യുകാല്
(C) കൈകാലുകൾ
(D) കൈകാൽ

76. "!" എന്ന ചിഹ്നത്തിന് മലയാളത്തിൽ പറയുന്ന പേര് :

(A) ചോദ്യചിഹ്നം
(B) അർദ്ധവിരാമം
(C) ഭിത്തിക
(D) ആശ്ചര്യചിഹ്നം

77. ''തോമസും സെബാസ്റ്റ്യനും നടക്കുകയും ചെയ്തു''. ഈ വാക്യത്തിൽ വ്യാകരണത്തെറ്റുണ്ടോ ഉണ്ടെങ്കിൽ ഏതു ഭാഗത്താണ്?

(A) തോമസും
(B) സെബാസ്റ്റ്യനും
(C) നടക്കുകയും ചെയ്തു
(D) തെറ്റില്ല

78. ''മുതലക്കണ്ണീർ'' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?

(A) അനാവശ്യമായ ദുഃഖം
(B) തീരെ ദുഃഖമില്ലാതെ ദുഃഖം അഭിനയിക്കുക
(C) മുതലയ്ക്കു മാത്രമുള്ള സങ്കടം
(D) മുതലയെ കാണുമ്പോൾ നമുക്കുണ്ടാകുന്ന ദുഃഖം

79. ''മരത്തിൽ'' എന്ന വാക്കിൽ കാണുന്ന വിഭക്തി ഏതാണ്?

(A) പ്രതിഗ്രാഹിക
(B) നിർദ്ദേശിക
(C) ആധാരിക
(D) ഉദ്ദേശിക

80. താഴെ പറയുന്നവയിൽ ശരിയായ പദം തെരഞ്ഞെടുക്കുക :

(A) വിമ്പിട്ടം
(B) വിംബിഷ്ടം
(C) ബിംബിഷ്ടം
(D) ബിംഭിഷ്ഠം

81. ഉത്സവത്തോടനുബന്ധിച്ച് ഏഴരപ്പൊന്നാനയെ എഴുന്നെള്ളിക്കുന്ന ക്ഷേത്രം ഏത്?

(A) വൈക്കം
(B) തൃശ്ശൂർ
(C) ഏറ്റുമാനൂർ
(D) തിരുനക്കര

82. രാമനാട്ടത്തിന്റെ രചയിതാവ് ആര്?

(A) ഉണ്ണായി വാര്യർ
(B) കൊട്ടാരക്കരത്തമ്പുരാൻ
(C) കോട്ടയം തമ്പുരാൻ
(D) വെട്ടത്തു തമ്പുരാൻ

83. ഭഗവതി ക്ഷേത്രത്തിലെ രൂപക്കളങ്ങൾക്കു എത്ര വർണ്ണങ്ങളിലുള്ള പൊടികളാണ് ഉപയോഗിക്കുന്നത്?

(A) മൂന്ന്
(B) അഞ്ച്
(C) ഏഴ്
(D) ഒൻപത്

84. വേട്ടക്കൊരുമകൻ കോവിലുകളിലെ വഴിപാട് :

(A) മൃത്യുഞ്ജയഹോമം
(B) തിലഹോമം
(C) നാളികേരമുടയ്ക്കൽ
(D) മുട്ടറുക്കൽ

85. രേവതിപ്പട്ടത്താനത്തിന്റെ പേരിൽ പ്രശസ്തമായ ക്ഷേത്രം :

(A) കോഴിക്കോട് തളി ക്ഷേത്രം
(B) തിരുനാവായ ക്ഷേത്രം
(C) ഗുരുവായൂർ ക്ഷേത്രം
(D) ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

86. ഏറ്റവും കൂടുതൽ ഭക്തന്മാർ പങ്കെടുക്കുന്ന ശിവരാത്രി ആഘോഷം എവിടെ?

(A) വൈക്കം
(B) ഏറ്റുമാനൂർ
(C) കണ്ടിയൂർ
(D) ആലുവ

87. വള്ളംകളിയുടെ പേരിൽ പ്രശസ്തമായ ക്ഷേത്രം :

(A) ആറന്മുള
(B) വാഴപ്പള്ളി
(C) തൃക്കുന്നപ്പുഴ
(D) ആറാട്ടുപുഴ

88. ആറ് വർഷത്തിലൊരിക്കൽ മുറജപം നടക്കുന്ന ക്ഷേത്രം :

(A) ശ്രീകണ്ഠേശ്വരം
(B) ശ്രീവരാഹം
(C) ശ്രീപത്മനാഭസ്വാമി ക്ഷേത്രം
(D) നെയ്യാറ്റിൻകര

89. കാന്തള്ളൂർശാല പ്രവർത്തിച്ചിരുന്നതായി കരുതപ്പെടുന്ന ക്ഷേത്രം :

(A) ശാസ്തമംഗലം
(B) മലയിൻകീഴ്
(C) വലിയശാല
(D) ആര്യശാല

90. കുത്തിയോട്ടം എന്ന അനുഷ്ഠാനത്തിനു പ്രാധാന്യമുള്ള ആലപ്പുഴ ജില്ലയിലെ ക്ഷേത്രം :

(A) ചെട്ടിക്കുളങ്ങര
(B) നങ്ങ്യാർക്കുളങ്ങര
(C) പടനായർക്കുളങ്ങര
(D) കരീലക്കുളങ്ങര

91. കഥകളി നിത്യവും വഴിപാടായി നടക്കുന്ന ക്ഷേത്രം :

(A) തിരുവല്ല
(B) തിരുവല്ലം
(C) ഗുരുവായൂർ
(D) കടുത്തുരുത്തി

92. തിരുവാർപ്പ് ഉഷ എന്നറിയപ്പെടുന്നത് എന്താണ്?

(A) തിരുവാർപ്പിലെ കൊടിയേറ്റിനെ
(B) തിരുവാർപ്പിലെ പുഷ്പാർച്ചനയെ
(C) തിരുവാർപ്പിലെ പായസ നിവേദ്യത്തെ
(D) തിരുവാർപ്പിലെ പാണികൊട്ടിനെ

93. മികച്ച ചന്ദനമുട്ടികൾ എവിടെനിന്നു ലഭിക്കും?

(A) മറയൂർ
(B) വയനാട്
(C) ഇടുക്കി
(D) നിലമ്പൂർ

94. കുങ്കുമം പ്രസാദമായി നല്കുന്നത് ഏത് ക്ഷേത്രങ്ങളിൽ?

(A) ദുർഗ്ഗാ ക്ഷേത്രങ്ങളിൽ
(B) ശിവ ക്ഷേത്രങ്ങളിൽ
(C) ഗണപതി ക്ഷേത്രങ്ങളിൽ
(D) മഹാവിഷ്ണു ക്ഷേത്രങ്ങളിൽ

95. കേരള സംസ്ഥാനത്തിലെ ദേവസ്വം മന്ത്രി ആരാണ്?

(A) ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(B) ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ
(C) ശ്രീ. വി.എസ്. ശിവകുമാർ
(D) ശ്രീ. ജി. സുധാകരൻ

96. ഇടയ്ക്ക എന്ന വാദ്യം ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്നത് എപ്പോൾ?

(A) ശ്രീഭൂതബലിയ്ക്ക്
(B) ഉത്സവബലിയ്ക്ക്
(C) സോപാനാലാപന വേളയിൽ
(D) നട അടയ്ക്കുമ്പോൾ

97. അമ്പലപ്പുഴ ക്ഷേത്രത്തിലെ പ്രധാന വഴിപാട് :

(A) ചതുശ്ശതം
(B) തിരുമധുരം
(C) പഞ്ചാമൃതം
(D) പാൽപ്പായസം

98. പടത്തിപ്പഴം ഇഷ്ടനിവേദ്യമായ ദേവൻ :

(A) ശ്രീവല്ലഭൻ
(B) തിരുനക്കര മഹാദേവൻ
(C) വൈക്കത്തപ്പൻ
(D) ഏറ്റുമാനൂരപ്പൻ

99. ഞെരളത്തു രാമപ്പൊതുവാൾ ആരായിരുന്നു?

(A) സോപാനഗായകൻ
(B) കഥകളി നടൻ
(C) പുല്ലാങ്കുഴൽ വിദഗ്ദ്ധൻ
(D) നാദസ്വരവിദ്വാൻ

100. അരുവിപ്പുറം പ്രതിഷ്ഠ ആര് നടത്തി?

(A) ചട്ടമ്പി സ്വാമികൾ
(B) ശ്രീനാരായണ ഗുരു
(C) വൈകുണ്ഠ സ്വാമികൾ
(D) ആറാട്ടുപുഴ വേലായുധപണിക്കർ